**15 -ാം കേരള നിയമസഭ**

**11 -ാം സമ്മേളനം**

**നക്ഷത്ര ചിഹ്നം ഇല്ലാത്ത ചോദ്യം നം. 2571** **24-06-2024 - ൽ മറുപടിയ്ക്ക്**

**നിർമ്മാണ മേഖലയിലെ പ്രതിസന്ധി പരിഹരിക്കാൻ നടപടി**

| ചോദ്യം | | ഉത്തരം | |
|---|---|---|---|
| ശ്രീ. എ. പ്രഭാകരൻ | | ശ്രീ. പി. രാജീവ്<br>(നിയമം, വ്യവസായം, കയർ വകുപ്പ് മന്ത്രി) | |
| (എ) | നിർമ്മാണ മേഖലയിൽ അത്യന്താപേക്ഷിതമായ കരിങ്കല്ല്, എം. സാൻഡ്, മെറ്റൽ എന്നിവയുടെ ഉല്പാദനം നിയന്ത്രിച്ചിരിക്കുന്നതുമൂലം സംസ്ഥാനത്ത് നിർമ്മാണ മേഖലയും വ്യവസായ മേഖലയും പ്രതിസന്ധി നേരിടുന്നത് ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ; | (എ) | കരിങ്കല്ല്, എം സാൻഡ്, മെറ്റൽ എന്നിവയുടെ ഉൽപാദനം നിയന്ത്രിക്കുന്നതുമായി ബന്ധപ്പെട്ട് ഒരു സർക്കാർ നിർദ്ദേശവും നിലവിലില്ല. മൈനിങ് പ്ലാനിൽ അംഗീകരിച്ച അളവിൽ എല്ലാ ക്വാറികളിലും ഖനനം നടത്താവുന്നതാണ്. കരിങ്കല്ലിന്റെ അനുബന്ധിത ഉൽപ്പന്നങ്ങൾ ആയ എം സാൻഡ്, മെറ്റൽ തുടങ്ങിയവ ഉൽപാദിപ്പിക്കുന്നതിനും വിപണനം ചെയ്യുന്നതിനും അപേക്ഷകൻ ആവശ്യപ്പെടുന്ന അളവിന് ആവശ്യമായ ഫീസ് ഒടുക്കുന്ന മുറയ്ക്ക് പരിശോധിച്ച് ഡീലേഴ്സ് ലൈസൻസും അനുവദിച്ച് വരുന്നു. |
| (ബി) | ഇതര സംസ്ഥാനങ്ങളിൽ നിന്ന് നിർമ്മാണ സാമഗ്രികൾ കൊണ്ടുവരുന്നതുമൂലം സംസ്ഥാനത്തിന് ഭീമമായ വരുമാന നഷ്ടവും തൊഴിൽ നഷ്ടവും ഉണ്ടാവുന്നത് ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ; ഉണ്ടെങ്കിൽ ആയത് പരിഹരിക്കുവാൻ എന്തെല്ലാം നടപടികളാണ് സ്വീകരിച്ചുവരുന്നതെന്ന് വിശദമാക്കാമോ? | (ബി) | സംസ്ഥാനത്തെ നിർമ്മാണരംഗത്ത് അന്യസംസ്ഥാനങ്ങളിൽ ഉദ്പാദിപ്പിക്കുന്ന ഉൽപ്പന്നങ്ങളും ആവശ്യമാണ്. അതിന് നിയന്ത്രണം ഏർപ്പെടുത്തുന്നത് വിലക്കയറ്റത്തിന് കാരണമാകാവുന്നതാണ്. മറ്റ് സംസ്ഥാനങ്ങളിൽ നിന്ന് നിർമ്മാണ സാമഗ്രികൾ കൊണ്ടു വരുന്നതുമൂലം വലിയ തോതിൽ തൊഴിൽ നഷ്ടമുണ്ടാക്കുന്നതായി സർക്കാരിന്റെ ശ്രദ്ധയിൽപ്പെട്ടിട്ടില്ല. സംസ്ഥാനത്തിനകത്ത് ഉദ്പാദിപ്പിക്കുന്ന നിർമ്മാണ സാമഗ്രികൾ തടസ്സമില്ലാതെ ലഭ്യമാക്കുന്നതിനുള്ള നടപടികൾ സ്വീകരിച്ചിട്ടുണ്ട്. |

സെക്ഷൻ ഓഫീസർ